Draft #56 of File 17152/ADA1 SO/2020/AD A1 Approved by Registrar on 02-Jun-2021 12:30 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 17152/ADA1 SO/2020/എ ഡി എ 1 തീയതി: 02.06.2021

## സർക്കുലർ

വിഷയം:- സർവ്വകലാശാല ഭരണം: കോവിഡ് 19 നിർവ്യാപനം - 'ലോക്ക് ഡൗൺ' - ഇളവുകൾ - സർവ്വകലാശാല പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. 07.05.2021 തീയതിയിലെ 2349/AD A1/2021/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവ്
2. 19.05.2021 തീയതിയിലെ 17152/AD A1SO/2021/AD A1 നമ്പർ സർവ്വകലാശാല പരിപത്രം.
3. 25.05.2021 തീയതിയിലെ 17152/AD A1SO/2021/AD A1 നമ്പർ സർവ്വകലാശാല പരിപത്രം.
4. 31.05.2021 തീയതിയിലെ 17152/AD A1SO/2021/AD A1 നമ്പർ സർവ്വകലാശാല പരിപത്രം.
5. കേരള സർക്കാർ ഡിസാസ്റ്റർ മാനേജ്മെൻറ് (എ) ഡിപ്പാർട്ട്മെൻറിൻറെ 31.05.2021 തീയതിയിലെ G.O.(Rt)No.448/2021/DMD നമ്പർ ഉത്തരവ്.

------

കോവിഡ്-19 രോഗ നിർവ്യാപനത്തിൻറെ ഭാഗമായി, സംസ്ഥാന സർക്കാർ ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരുന്നതിൻറെ പശ്ചാത്തലത്തിൽ, സർവ്വകലാശാല ഓഫീസ് പ്രവർത്തനങ്ങൾ സൂചന (1), (2), (3), (4) പ്രകാരം ക്രമീകരിച്ചിരുന്നു.

എന്നാൽ, സൂചന (5) പ്രകാരം, 2021 ജൂൺ 9 വരെ നീട്ടിയ ലോക്ക്ഡൗണിൽ ഇളവുകൾ നൽകിക്കൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ, സർവകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനു വേണ്ടി ചുവടെ ചേർത്തിരിക്കുന്ന ക്രമീകരണങ്ങൾ നടപ്പിൽ വരുത്തിക്കൊള്ളുന്നു. സൂചന (4) പ്രകാരം, സർവ്വകലാശാലയിൽ 2021 ജൂൺ 9 വരെ നീട്ടിയിരുന്ന ലോക്ക്ഡൗണിന്റെ ഭാഗമായ പ്രവർത്തന നിയന്ത്രണങ്ങൾ 2021 ജൂൺ 6 വരെ പരിമിതപ്പെടുത്തിയിരിക്കുന്നു.

1. സർവ്വകലാശാലയിൽ നിയമസഭാ ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടതായുള്ള സെക്ഷനുകളും, പരീക്ഷ സംബന്ധമായ ജോലികൾ നിർവ്വഹിക്കേണ്ടതായ സെക്ഷനുകളും ഈ പരിപത്രത്തിന്റെ തീയതി മുതൽ പരിമിതമായ ജീവനക്കാരുമായി പ്രവർത്തിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതിന് ബ്രാഞ്ച് ഓഫീസർമാരെ ചുമതലപ്പെടുത്തുന്നു. ഇപ്രകാരം ജീവനക്കാർ കൃത്യമായി ജോലിക്ക് ഹാജരാകുന്നുണ്ടെന്ന് ബന്ധപ്പെട്ട ബ്രാഞ്ച് ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്.
2. 2021 ജൂൺ 7 മുതൽ സർവ്വകലാശാലയിലെ എല്ലാ വിഭാഗം ജീവനക്കാരും 50 % നിരക്കിൽ റൊട്ടേഷൻ അടിസ്ഥാനത്തിൽ ജോലിക്ക് ഹാജരാക്കേണ്ടതാണ്. സർവ്വകലാശാലയിലെ എല്ലാ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പഠനവിഭാഗങ്ങൾക്കും സ്റ്റഡി സെൻററുകൾക്കും ഈ നിബന്ധന ബാധകമായിരിക്കും.

- 50 % നിരക്കിൽ ഹാജരാകേണ്ട ജീവനക്കാരുടെ 'റൊട്ടേഷൻ റോസ്റ്റർ' തയ്യാറാക്കുന്നതിനും, ആയത് പ്രകാരം ജീവനക്കാർ ഹാജരാകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ബന്ധപ്പെട്ട ബ്രാഞ്ച് ഓഫീസർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു.
- പഠനവിഭാഗങ്ങളിലും, സ്റ്റഡി സെൻററുകളിലും 50 % ജീവനക്കാർ ഹാജരാകുന്നുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പ് മേധാവികൾ ഉറപ്പാക്കേണ്ടതാണ്.
- 'റൊട്ടേഷൻ റോസ്റ്റർ' പ്രകാരം ഹാജരാകേണ്ട ദിവസങ്ങളിൽ മതിയായ കാരണം കൂടാതെ ജോലിക്ക് ഹാജരാകാതിരിക്കുന്ന ജീവനക്കാരുടെ പ്രസ്തുത ദിവസങ്ങൾ ആകസ്മിക / അർഹമായ അവധിയായി കണക്കാക്കുന്നതാണ്.
- ജീവനക്കാരുടെ ദൈനംദിന ഹാജർ നില ബന്ധപ്പെട്ട ബ്രാഞ്ച് ഓഫീസർമാർ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

3. സർവ്വകലാശാലയിലെ സെക്യൂരിറ്റി, ക്ലീനിംഗ്, ഗാർഡൻ, ഡ്രൈവർ, കണ്ടക്ടർ, ഹെൽത്ത് സെൻറർ, എൻജിനീയറിംഗ് (ജലവിതരണം, ഇലക്ട്രിസിറ്റി) തുടങ്ങിയ അവശ്യ സേവന വിഭാഗങ്ങളിൽപ്പെടുന്ന ജീവനക്കാർ 50% എന്ന വ്യവസ്ഥ കണക്കാക്കാതെ 2021 ജൂൺ 7 മുതൽ പൂർണ്ണമായ തോതിൽ ജോലിക്ക് ഹാജരാകേണ്ടതാണ്.

ഒപ്പ്

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

സ്വീകർത്താവ്

1. സെക്ഷനുകൾ/ സർവ്വകലാശാല പഠനവിഭാഗങ്ങൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. പി.ആർ.ഒ./ സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
5. കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
6. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഡേ ഫയൽ/ ഫയൽ കോപ്പി

Draft #56 of File 17152/ADA1 SO/2020/AD A1 Approved by Registrar on 02-Jun-2021 12:30 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം